"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്-കൃഷി ദർശൻ-ഹരിപ്പാട് കാർഷിക ബ്ലോക്ക്- സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന പ്രീമിയം തുകയിൽ നിന്നും വിള നാശത്തിനുള്ള നഷ്ടപരിഹാര കുടിശ്ശിക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.399/2023/AGRI തീയതി,തിരുവനന്തപുരം, 28-04-2023

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 28.04.2023 തീയതിയിലെ ADFW/4471/2022-TR2 നമ്പർ കത്ത്

**ഉത്തരവ്**

AIMS പോർട്ടലിലെ റിപ്പോർട്ട് പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ നഷ്ടപരിഹാരമായി 01.04.2021 മുതൽ 31.03.2023 വരെ 2651.27607 ലക്ഷം രൂപ കുടിശ്ശിക കർഷകർക്ക് നല്കുവാനുണ്ടെന്നും നിലവിൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുക ഓൺലൈനായി കൃഷി ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാൽ പ്രസ്തുത അക്കൗണ്ടിൽ 305.07075 ലക്ഷം രൂപ മിച്ചമുണ്ടെന്നും മേൽ തുക നഷ്ടപരിഹാര കുടിശ്ശിക നൽകുന്നതിനായി അനുവദിക്കണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അടിയന്തിര സാഹചര്യം പരിഗണിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ ഓൺലൈനായി നിക്ഷേപിച്ചിരിക്കുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം തുകയായ 305.07075 ലക്ഷം രൂപ വിള ഇൻഷുറൻസ് പദ്ധതിയുടെ നഷ്ടപരിഹാര കുടിശ്ശിക നൽകുന്നതിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്& ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vineeshkumar

Date: 28-04-2023 15:14:03

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്